WRITTEN ANSWERS

പഞ്ചായത്തുകാക്ക് വായ്പ

* 336. [25] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തദ്ദേശഭരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960 നശേഷം ഗവണ്മെൻറിൽനിന്നും എത്ര പഞ്ചായത്തുകൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പഞ്ചായത്തുകൾക്കാണ് വായ്പകൾ അനുവദിച്ചിട്ടുള്ളത്?

(സി) വായ്പത്തുക ഇതുവരെയും നിർദ്ദേശിക്കപ്പെട്ടിരുപ്പെട്ടിരുന്ന ആവശ്യത്തിനു വിനിയോഗിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളാണ്?

(ഈ) എന്തുകൊണ്ടാണ് ഈ തുക ഉപയോഗിക്കുവാൻ പ്രസ്തുത പഞ്ചായത്തുകൾക്ക് കഴിയാതെവന്നിട്ടുള്ളത്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 136 പഞ്ചായത്തുകൾക്കാണ് വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) വിവരങ്ങളടങ്ങിയ ലിസ്റ്റ് മേശപ്പുറത്തുവച്ചിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) വിവരങ്ങളടങ്ങിയ ലിസ്റ്റ് മേശപ്പുറത്തുവച്ചിരിക്കുന്നു.*

(ഈ) അനുയോജ്യമായ സ്ഥലം കിട്ടായ്ക, പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽനിന്നും എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ പാസ്സാക്കികിട്ടുന്നതിനുള്ള കാലതാമസം, സിമൻറ് തുടങ്ങിയ സാധനങ്ങൾ കിട്ടുന്നതിനുള്ള പ്രയാസം ശരിയായി കൺട്രാക്റ്റർമാർ മുമ്പോട്ടുവരായ്ക തുടങ്ങിയ കാരണങ്ങളാണ് പ്രധാനമായിട്ടുള്ളത്.

അപ്പ് ഗ്രേഡ് ചെയ്യുന്ന പുതിയ സ്കൂളുകൾ.

* 337. [26] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ൽ പ്രൈവറ്റ് മാനേജ്മെൻറിൽ പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള സ്കൂളുകൾ അപ്പ്ഗ്രേഡ് ചെയ്യുന്നതിനും എത്ര അപേക്ഷകൾ ലഭിച്ചു?

(ബി) ഇവയിൽ എത്രയെണ്ണം അനുവദിച്ചു?

(സി) സ്കൂളുകൾ അനുവദിച്ചിട്ടുള്ള സ്ഥലം മാനേജരുടെ പേര്, സ്കൂളിൻറെ പേര് ഇവ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്ത് വയ്ക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 3008.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ബിയുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

---

* Appendix III

LIBRARY ARCHIVES Kerala Legislative Assembly